# എനിക്ക് യഥാർത്ഥത്തിൽ എങ്ങനെ രക്ഷ പ്രാപിക്കുവാൻ കഴിയും?

എണ്ണമറ്റ പാപങ്ങൾ ചെയ്ത ശേഷം നമുക്കു എങ്ങനെ രക്ഷപ്പെടുവാൻ കഴിയും? ദൈവത്തിന്റെ മുൻപിൽ കുറ്റമറ്റവരായിരിപ്പാൻ നമുക്കു എന്തു ചെയ്യുവാൻ കഴിയും? നമ്മെ അടിമപ്പെടുത്തുന്ന പാപങ്ങളിൽ നിന്നു നമുക്ക് എങ്ങനെ രക്ഷപ്പെടാം? ഈ ചോദ്യങ്ങൾക്കു ഒരോരുത്തരും ഉത്തരം കണ്ടുപിടിക്കേണ്ടത് ആവശ്യമാണ്. എന്തുകൊണ്ടെന്നാൽ നാം എല്ലാവരും പാപം ചെയ്തു നമ്മുടെ സ്രഷ്ടാവായ ദൈവത്തിൽനിന്നു അകന്നു ജീവിക്കുന്നു.

ക്രിസ്തീയ സന്ദേശത്തിന്നാധാരമായ വേദപുസ്തകപഠനം മൂലം മനസ്സിലാകുന്നത് 'രക്ഷ' എന്നു പറഞ്ഞാൽ പാപത്തിന്റെ ശിക്ഷയിൽനിന്നുമുള്ള വിടുതൽ അഥവാ മോചനം ആണെന്നാണ്. മനുഷ്യപുത്രനായി അവൻ അവതരിച്ചതു കാണാതെ പോയതിനെ തിരഞ്ഞു രക്ഷിക്കുവാനാണ്. നമ്മെ പാപത്തിന്റെ അധീനതയിൽ നിന്നും അതിന്റെ ശക്തിയിൽ നിന്നും സ്വതന്ത്രരാക്കുന്നതിനുവേണ്ടി അവൻ തന്റെ ജീവൻ നൽകി. പാപികളായ മനുഷ്യരുടെ മുൻപിൽ ക്രൂശിലെ മരണത്തോളം താണതിനാൽ നമ്മുടെ നിത്യരക്ഷക്ക് ആവശ്യമുള്ളതെല്ലാം അവൻ ചെയ്തു തീർത്തു. അതിരറ്റ കാരുണ്യത്താലും അത്യന്ത സ്നേഹത്താലും ആണു അവൻ ഇത് നമുക്കായി ചെയ്തത്.

"പാപത്തിന്റെ ശമ്പളം മരണമാണെന്നും; ദൈവത്തിന്റെ കൃപാവരം നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിത്യജീവൻ ആണെന്നും സുവിശേഷം അസന്ദിഗ്ദ്ധമായി പറയുന്നു (റോമ. 6:23). നമ്മുടെ തെറ്റു കുറ്റങ്ങൾ എത്രമാത്രം ആയിരുന്നാലും, എത്ര കഠിനമായിരുന്നാലും നമ്മോടു ക്ഷമിക്കുവാൻ ദൈവം തയ്യാറാണ്. "പാപം പെരുകിയെടത്ത് കൃപ അത്യന്തം വർദ്ധിച്ചു" (റോമർ 5:20) എന്നു ദൈവവചനത്തിൽ കാണുന്നു.

ദൈവസൃഷ്ടികളിൽ ഏറ്റവും മകുടമായത് മനുഷ്യ സൃഷ്ടിയാണ്. എങ്കിലും നമ്മുടെ അത്യാഗ്രഹം, തൃഷ്ണ എന്നിവയെ തൃപ്തിപ്പെടുത്താനും, നമ്മുടെ സ്വാർത്ഥ താല്പര്യങ്ങൾക്കുവേണ്ടി ശ്രമിച്ചതിനാൽ നാം ദൈവത്തിൽ നിന്നും വളരെ അകന്നു അധഃപതിച്ചു പോയി. എന്നാൽ കാരുണ്യവാനായ ദൈവം നമ്മെ പൂർണ്ണമായി രക്ഷിക്കുന്നതിന് ഒരു വഴിയൊരുക്കി. പാപത്തിൽ നിന്നും അതിന്റെ ശക്തിയിൽ നിന്നും നമ്മെ വിടുവിച്ചു ശുദ്ധീകരിക്കുവാൻ അവടുന്നു സന്നദ്ധനായിരിക്കുന്നു.

ഈ രക്ഷാവഴിയെപ്പറ്റി നമുക്കു ചിന്തിക്കാം. പരിശുദ്ധനും, സ്നേഹവാനും, കാരുണ്യവാനും, നീതിമാനുമായ ദൈവത്തിനു മാത്രമേ ഈ അതിശയകരമായ രക്ഷണ്യ പ്രവൃത്തി കാലസമ്പൂർണതയിൽ ക്രൂശുമൂലം തികക്കുവാൻ സാധിച്ചുള്ളൂ. ഇവിടെ അതിക്രമങ്ങളാലും, പാപങ്ങളാലും മലിനപ്പെട്ട മനുഷ്യൻ ഒരു ഭാഗത്തും, പരിശുദ്ധനും നിത്യനും പരിമിതി ഇല്ലാത്തവനുമായ ദൈവം മറുവശത്തും നിലകൊള്ളുന്നു, നമ്മുടെ വീണ്ടെടുപ്പുക്കാരനും ക്രൂശുമൂലം നമ്മെ ദൈവവുമായി നിരപ്പിച്ചവനുമായ യേശുക്രിസ്തു എന്ന രക്ഷകനെ നടുവിലുമായി കാണാൻ സാധിക്കുന്നു. മനുഷ്യനോടുള്ള ദൈവത്തിന്റെ സ്നേഹത്തേയും പാപക്ഷമയേയും പ്രദർശിപ്പിക്കുവാനായി അവൻ ക്രൂശിക്കപ്പെട്ടു.

ക്രിസ്തു നമുക്കു വേണ്ടി മറുവിലയായി തന്നെത്താൻ ഏൽപിച്ച് കൊടുത്തു എന്നതാണ് നമ്മുടെ രക്ഷയ്ക്കാധാരം. ആദിയിൽ ദൈവത്തോടു കൂടി ആയിരുന്ന നിത്യമായ വചനം ജഡമായി മനുഷ്യരൂപം ധരിച്ചു പാപസാദൃശ്യത്തിലായി മനുഷ്യന്റെ പാപങ്ങൾക്കു പ്രായശ്ചിത്തമായി ക്രൂശിൽ തന്നെത്താൻ യാഗമായി അർപ്പിച്ചു. "മക്കൾ ജഡരക്തങ്ങളോടു കൂടിയവരാകകൊണ്ട് അവിടുന്നു അവരെപ്പോലെ ജഡരക്തങ്ങളോടു കൂടിയവനായി മരണത്താൽ നീക്കി ജീവപര്യന്തം മരണഭീതിയിൽ അടിമകളായിരുന്നവരെ ഒക്കെയും വിടുവിച്ചു" എന്ന് എബ്രായർ 2:14-15 -ൽ എഴുതപ്പെട്ടിരിക്കുന്നു.

സുവിശേഷങ്ങളിൽ, നിങ്ങളുടെ പാപങ്ങളെ വെളിപ്പെടുത്തുന്നതും നിങ്ങൾക്കുവേണ്ടി ഒരുക്കിയിട്ടുള്ള രക്ഷയെ എങ്ങനെ പ്രാപിക്കാമെന്നതിനെകുറിച്ചും അനേകം വാക്യങ്ങൾ കാണാവുന്നതാണ്. "കർത്താവായ യേശുവിൽ വിശ്വസിക്ക, എന്നാൽ നീയും നിന്റെ കുടുംബവും രക്ഷ പ്രാപിക്കും" (അപ്പൊ. പ്ര. 3:19). നിങ്ങൾ മാനസന്തരപ്പെട്ട് നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പീൻ; എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും" (അപ്പൊ. പ്ര. 2:38). "നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ അവൻ നമ്മുടെ പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു" (1 യോഹന്നാൻ 1:9). "യേശുവിനെ കർത്താവു എന്നു വായ്കൊണ്ട് ഏറ്റു പറുയുകയും ദൈവം യേശുക്രിസ്തുവിനെ മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേൽപ്പിച്ചു എന്നു ഹൃദയംകൊണ്ടു വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും" (റോമർ 10:9). "കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത്; അതിന്നും നിങ്ങൾ കാരണമല്ല; ദൈവത്തിന്റെ ദാനമത്രേ ആകുന്നു" (എഫേസ്യർ 2:8). "ഏകസത്യ ദൈവമായ നിന്നേയും നീ അയച്ചിരിക്കുന്ന യേശുക്രിസ്തുവിനേയും അറിയുന്നതു തന്നെ നിത്യജീവൻ ആകുന്നു" (യോഹന്നാൻ 17:3).

ഈ വാക്യങ്ങളിൽ നിന്നു ദൈവം നിങ്ങളുടെ പാപങ്ങളെ യേശുക്രിസ്തു മുഖാന്തിരം ക്ഷമിച്ചു തന്നു എന്നു നിങ്ങൾക്കു മനസ്സിലാക്കാം. കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന ഏവന്നും ന്യായവിധി ദിവസം ദൈവത്തിന്റെ മുൻപാകെ കുറ്റമില്ലാത്തവനും നീതിമാനും ആകുന്നു. ക്രിസ്തുവിൽ വിശ്വസിക്കുന്ന എല്ലാ സത്യ വിശ്വാസികളിലും പരിശുദ്ധാത്മാവിന്റെ ശക്തി വരുന്നു. അവിടുത്തെ ശക്തി പാപത്തെ ജയിക്കുന്നതിനു നിങ്ങളെ സഹായിക്കും. കാരണം ദൈവത്തിന്റെ ആത്മാവ് പിശാചിന്റെ ആത്മാവിനേക്കാൾ ശക്തിയള്ളതാകുന്നു.

ദൈവം നിങ്ങൾക്കായി ഒരുക്കിയ ഈ പരിപൂർണ്ണ രക്ഷയെപ്പറ്റി നിങ്ങൾക്കു കൂടുതൽ അറിയണമെങ്കിൽ ഇസ്കന്തർ ജദീദ് എഴുതിയ "രക്ഷ പ്രാപിക്കാൻ ഞാൻ എന്തു ചെയ്യണം?"എന്ന പുസ്തകം നിങ്ങൾക്കു സൗജന്യമായി അയച്ചുതരാൻ ഞങ്ങൾ സന്നദ്ധരാണ്. പിൻകോഡ് സഹിതം നിങ്ങളുടെ പൂർണ്ണ മേൽവിലാസം എഴുതി കാർഡ് ഇടുക. എല്ലാ കൂട്ടുകാരോടും എഴുതുവാൻ പറയൂ. അവർക്കും ഫ്രീ ബുക്ക് അയക്കാം.